**അടിയന്തിരം**

## എൻ.സി.സി ഡയറക്ട്റേറ്റ് , (കേരളവും ലക്ഷദ്വീപും), സംസ്ഥാന വിഭാഗം

നമ്പർ. 6861 /ഡി1-എസ്റ്റാ/മെഡി/2018/എൻ.സി.സി 04 ജനുവരി 2022

## സർക്കുലർ

സർ,

**വിഷയം : സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP) - വിവര ശേഖരണം - ആദ്യഘട്ടം ലഭ്യമാക്കിയ വിവരങ്ങളുടെ പരിശോധന രണ്ടാംഘട്ട വിവരശേഖരണം സമയപരിധി 10.01.2022 വരെ ദീർഘിപ്പിച്ചും നിലവിലെ ചില നിർദേശങ്ങൾ പരിഷ്കരിച്ചും നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.**

സൂചന : 1. ഈ കാര്യാലയത്തിലെ 26/11/2021 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

2. ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിന്റെ 31/12/2021 തീയതിയിലെ 124/2021/ധന നമ്പർ പരിപത്രം (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു).

1) മേൽ ഖണ്ഡികയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. മേൽ സൂചന 1 പ്രകാരം എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളും താങ്കളുടേയും താങ്കളുടെ അധീനതയിലുള്ള എൻ.സി.സി ഓഫീസുകളുടേയും മെഡിസെപ്പ് സംബന്ധമായ കംപ്ലീഷൻ റിപ്പോർട്ട് ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ 31/12/2021 ന് മുൻപായി സമർപ്പിക്കേണ്ടതാണെന്ന് അറിയിച്ചിരുന്നെങ്കിലും നാളിതുവരെയായി പല ഓഫീസുകളും തുടർ നടപടികൾ സ്വീകരിക്കാത്തതായി ഈ കാര്യാലയത്തിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സൂചന 2 പ്രകാരമുള്ള സർക്കാർ പരിപത്ര പ്രകാരം എല്ലാ എൻ.സി.സി ഓഫീസുകളുടേയും ഡി.ഡി.ഒ യും ടി വിഷയപരമായ തുടർ നടപടികൾ കർശനമായി പാലിക്കേണ്ടതാണ്.

2) സൂചന 2 ലെ സർക്കാർ പരിപത്ര പ്രകാരം നിലവിലെ തിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ, പരാതികൾ ഇവ സമർപ്പിക്കുന്നതിനുള്ള അന്തിമ സമയ പരിധി 10.01.2022 നിശ്ചയിച്ചിട്ടുള്ളതിനാൽ എല്ലാ കാര്യാലങ്ങളിലേയും **ഡി.ഡി.ഒ** താങ്കളുടെ കാര്യാലയത്തിലെ എല്ലാ ജീവനക്കാരെയും മെഡിസെപ്പിൽ പേര് രജിസ്റ്റർ ചെയ്ത് കൂട്ടിചേർക്കലുകളോ, തിരുത്തലുകളോ ആവശ്യമില്ലാത്ത ജീവനക്കാരുടെ വിവരങ്ങൾ പൂർണമായി "വെരിഫൈഡ്" ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ച് വെരിഫൈ ചെയ്യേണ്ടതാണ്.

3) എല്ലാ ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകളും താങ്കളുടെയും താങ്കളുടെ അധീനതയിലുള്ള എൻ.സി.സി ഓഫീസുകളുടേയും സൂചന 2 പ്രകാരമുള്ള നിശ്ചിത പ്രർഫോമയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 10.01.2022 നോ അതിന് മുൻപോ ഈ കാര്യാലയത്തിലെ **nccjsest@gmail.com** എന്ന മെയിൽ ഐ.ഡിയിൽ നിർബന്ധിതമായും ലഭ്യമാക്കേണ്ടതാണ്. ഈ കാര്യത്തിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

വിശ്വസ്തതയോടെ

(സുമി സന്ദീപിക ജി മാസ്റ്റർലി)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

എൻ.സി.സി ഡയറക്ടറേറ്റ്, സംസ്ഥാന വിഭാഗം, തിരുവനന്തപുരം-10, കേരളവും ലക്ഷദ്വീപും

പകർപ്പ് :-

എല്ലാ എൻ.സി.സി ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സുകൾക്കും എൻ.സി.സി ഓഫീസുകൾക്കും - (വെബ്സൈറ്റ് മുഖേന)

എ4 സെക്ഷൻ എൻ.സി.സി ഡയറക്ട്റേറ്റ് - തുടർ നടപടികൾക്കായി

**കേരള സർക്കാർ**

**ധനകാര്യ (ഹെൽത്ത് ഇൻഷുറൻസ്) വകുപ്പ്**

**<u>പരിപത്രം</u>**

**നം. 124/2021/ധന** **തിരുവനന്തപുരം, തീയതി: 31/12/2021**

വിഷയം:- സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതി (MEDISEP) – വിവര ശേഖരണം - ആദ്യ ഘട്ടം ലഭ്യമാക്കിയ വിവരങ്ങളുടെ പരിശോധന - രണ്ടാം ഘട്ട വിവരശേഖരണം- സമയപരിധി 10.01.2022 വരെ ദീർഘിപ്പിച്ചും നിലവിലെ ചില നിർദേശങ്ങൾ പരിഷ്കരിച്ചും നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1) സ.ഉ.(അച്ചടി) നം. 54/2017/ധന തീയതി 24/04/2017.
2) സർക്കുലർ നം. 28/2018/ധന തീയതി 04/04/2018.
3) സർക്കുലർ നം. 73/2018/ധന തീയതി 07/08/2018.
4) സർക്കുലർ നം. 17/2019/ധന തീയതി 26/02/2019.
5) സർക്കുലർ നം. 41/2019/ധന തീയതി 06/05/2019.
6) സർക്കുലർ നം. 56/2019/ധന തീയതി 29/05/2019.
7) സർക്കുലർ നം. 110/2021/ധന തീയതി 22/11/2021.
8) സർക്കുലർ നം. 119/2021/ധന തീയതി 16/12/2021.

സൂചന (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം നടപ്പിലാക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാരുടേയും പെൻഷൻകാരുടേയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ (MEDISEP) ഭാഗമായുള്ള രണ്ടാം ഘട്ട വിവരശേഖരണം സൂചന (7)-ലെ സർക്കുലർ നിർദ്ദേശ പ്രകാരം പുനരാരംഭിച്ചിരുന്നു. സൂചന (2), (3), (4) സർക്കുലറുകളിലെ നിർദ്ദേശ പ്രകാരം ജീവനക്കാർ / പെൻഷൻകാർ ലഭ്യമാക്കിയ ആശ്രിതരുടെ ഉൾപ്പെടെയുള്ള പേരു വിവരങ്ങൾ, *www.medisep.kerala.gov.in* എന്ന മെഡിസെപ് വെബ്പോർട്ടലിൽ ലഭ്യമാണ്. വെബ് സൈറ്റിലെ 'Status' എന്ന ഓപ്ഷനിൽ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകി ജീവനക്കാർ/പെൻഷൻകാർ അവരവരുടെ വിവരങ്ങൾ കർശനമായി പരിശോധിക്കേണ്ടതും തിരുത്തലുകൾ ഉണ്ടെങ്കിൽ മാത്രം ജീവനക്കാർ അതാത് ഡി.ഡി.ഒ./നോഡൽ ഓഫീസർ മുൻപാകെയും പെൻഷൻകാർ മെഡിസെപ്പ് പദ്ധതിയ്ക്കായി അപേക്ഷ നൽകിയ ട്രഷറി ഓഫീസർമാർ മുൻപാകെയും നിശ്ചിത അപേക്ഷകൾ സമർപ്പിച്ച് പരിഹാരം

കാണേണ്ടതുമാണ്. ഇപ്രകാരം പരിഹരിക്കുവാൻ കഴിയാത്ത പരാതികൾ ഡി.ഡി.ഒ. -മാർ ശേഖരിച്ച് വകുപ്പ് തല നോഡൽ ഓഫീസർ മുഖേന മാത്രം financehealthinsurance@gmail.com/ info.medisep@kerala.gov.in എന്ന മെയിലിൽ ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഡി.ഡി.ഒ./നോഡൽ ഓഫീസർ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്. അല്ലാതെ ലഭിക്കുന്ന ഒറ്റപ്പെട്ട പരാതികൾ/ അപേക്ഷകൾ പരിഗണിക്കുവാൻ നിർവാഹമില്ലാത്തതാണ്. ആയത് സംബന്ധിച്ച് സൂചന (7),(8) പ്രകാരം പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

കൂട്ടി ചേർക്കലുകളോ/ തിരുത്തലുകളോ ആവശ്യമില്ലാത്ത ജീവനക്കാരുടെ വിവരങ്ങൾ പൂർണമായി "Verified" ചെയ്തിട്ടുണ്ടോ എന്ന് ബന്ധപ്പെട്ട ഡി.ഡി.ഒ./നോഡൽ ഓഫീസർമാരും പെൻഷൻകാരുടെ വിവരങ്ങൾ ബന്ധപ്പെട്ട ട്രഷറി ഓഫീസർമാരും പരിശോധിച്ച് verify ചെയ്യേണ്ടതാണ്.

MEDISEP ID ജനറേറ്റ് ചെയ്യപ്പെട്ട ശേഷം മരണപ്പെട്ട ജീവനക്കാർ/പെൻഷൻകാർ എന്നിവരുടെ അംഗത്വം, delete/deactivate/block എന്നിവയിൽ ഏതെങ്കിലും ഒരു ഓപ്ഷൻ ഉപയോഗിച്ച് ബന്ധപ്പെട്ട ഡി.ഡി.ഒ./നോഡൽ ഓഫീസർ/ട്രഷറി ഓഫീസർ റദ്ദാക്കേണ്ടതാണ്.

നിലവിലുള്ള ആശ്രിതരുടെ വിവരങ്ങൾ ചേർക്കുന്നതിന് ജീവനക്കാരന്/പെൻഷണർക്ക് ഇനിയൊരു അവസരം ഉണ്ടായിരിക്കുന്നതല്ല.

നിലവിലുള്ള ഓഫീസിൽ ജീവനക്കാരെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ലെങ്കിൽ അവർ മുമ്പ് ജോലി ചെയ്തിരുന്ന ഓഫീസിൽ ലഭ്യമായേക്കും. ഇങ്ങനെയുള്ള ജീവനക്കാരുടെ അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പഴയ ഓഫീസ്/വകുപ്പിൽ നിന്നും നിലവിലെ ഓഫീസ്/ വകുപ്പിലേക്ക് ജീവനക്കാരുടെ വിശദാംശങ്ങൾ മാറ്റി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ഡി.ഡി.ഒ./നോഡൽ ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്. ഇങ്ങനെയുള്ള ജീവനക്കാർ മുമ്പ് ജോലി ചെയ്തിരുന്ന ഓഫീസിലെ ഡി.ഡി.ഒ. മുൻപാകെ നിലവിലുള്ള ഡിപ്പാർട്ട്മെന്റും ഓഫീസും കൃത്യമായി രേഖപ്പെടുത്തി അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക് അപേക്ഷകന്റെ മെഡിസെപ് സംബന്ധിച്ച വിവരങ്ങൾ പഴയ ഓഫീസിൽ നിന്നും പുതിയ ഓഫീസിലേക്ക് ശ്രദ്ധാപൂർവ്വം കൈമാറ്റം ചെയ്യേണ്ടതാണ്. ഇപ്രകാരം മാറ്റി കിട്ടുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ തിരുത്തൽ അപേക്ഷകളുടെ അടിസ്ഥാനത്തിൽ പുതിയ ഓഫീസിലെ ഡി.ഡി.ഒ./നോഡൽ ഓഫീസർ പരിഹരിച്ച് നൽകേണ്ടതാണ്. ഇത്തരക്കാർക്ക് പുതിയ മെഡിസെപ് രജിസ്ട്രേഷൻ ഐ.ഡി അനുവദിച്ചിട്ടില്ലെന്നതും ഡി.ഡി.ഒ./നോഡൽ ഓഫീസർ ഉറപ്പ് വരുത്തേണ്ടതുമാണ്. വകുപ്പുതല വിവര കൈമാറ്റം ഡി.ഡി.ഒ./നോഡൽ ഓഫീസറിന്റെ മേൽനോട്ടത്തിലായിരിക്കണം.

മെഡിസെപ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് പെൻഷണർക്ക് ആവശ്യമായ സഹായം ബന്ധപ്പെട്ട ട്രഷറി ഓഫീസറും ഡി.ഡി.ഒ. -മാർക്ക് ആവശ്യമായ സഹായങ്ങൾ ബന്ധപ്പെട്ട നോഡൽ ഓഫീസർമാരും ചെയ്തുകൊടുക്കേണ്ടതാണ്.

MEDISEP SCHEME പ്രകാരം NPS പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച ജീവനക്കാർക്ക് നിലവിൽ അംഗത്വത്തിന് ബാധകമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പദ്ധതി കാലയളവായ മൂന്ന് വർഷത്തെ ആകെ പ്രീമിയം തുക ഒറ്റത്തവണയായി മുൻകൂറായി ഒടുക്കി പദ്ധതിയിൽ ചേരുന്നതിന് താൽപര്യമുള്ള പക്ഷം അംഗത്വം സ്വീകരിക്കാവുന്നതാണ്. പ്രസ്തുത വ്യവസ്ഥയ്ക്ക് സമ്മതമുള്ള NPS പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ച ജീവനക്കാർ ഈ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതും അപ്രകാരം സമ്മതമുള്ളവർ പൂരിപ്പിച്ച അപേക്ഷ ധനകാര്യ വകുപ്പിലെ ഹെൽത്ത് ഇൻഷുറൻസ് സെക്ഷനിൽ 10.01.2022 ന് മുൻപായി ലഭ്യമാക്കേണ്ടതുമാണ്.

എംപ്ലോയ്മെന്റ് വഴിയോ, TEN (Temporary Employment Number) നമ്പർ എന്നിവ നൽകിയോ നിയമിതരായ ജീവനക്കാർക്ക് SPARK മുഖേന ശമ്പളം നൽകിയിട്ടുണ്ടെങ്കിലും യാതൊരു വിധത്തിലും മെഡിസെപ് അംഗത്വത്തിന് അർഹതയില്ല. അതിനാൽ ഇപ്രകാരം ഉള്ളവരെ delete/deactivate/block എന്നിവയിൽ ഏതെങ്കിലും ഒരു ഓപ്ഷൻ ഉപയോഗിച്ച് ഡി.ഡി.ഒ./ നോഡൽ ഓഫീസർമാർ അവരുടെ അംഗത്വം റദ്ദാക്കേണ്ടതാണ്. MEDISEP പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം അംഗത്വത്തിന് അർഹതയില്ലാത്ത ജീവനക്കാരെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കണ്ടെത്തുന്ന പക്ഷം ആയതിന്റെ ഉത്തരവാദിത്തം ബന്ധപ്പെട്ട ഡി.ഡി.ഒ. -മാരിൽ നിക്ഷിപ്തമായിരിക്കും. ആയതിനാൽ പ്രസ്തുത വിഷയത്തിൽ ഡി.ഡി.ഒ. മാർ അതീവ ശ്രദ്ധ ചെലുത്തേണ്ടതും അനർഹരായവരെ ഒഴിവാക്കേണ്ടതുമാണ്.

TEN (Temporary Employment Number) നമ്പർ ലഭിച്ച് സർവ്വീസിൽ പ്രവേശിക്കുകയും പിന്നീട് സ്ഥിരപ്പെടുകയും ചെയ്ത ജീവനക്കാർക്ക് പെൻഷന്(Statutory/NPS) അർഹതയുണ്ടെങ്കിൽ മാത്രം അവർക്ക് മെഡിസെപ് അംഗത്വം അനുവദിക്കാവുന്നതാണ്. അല്ലാത്തവരുടെ അംഗത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റദ്ദാക്കേണ്ടതുമാണ്.

മുനിസിപ്പൽ/കോർപറേഷൻ കണ്ടിജന്റ് ജീവനക്കാരന് പെൻഷന് അർഹതയുണ്ടെങ്കിൽ മെഡിസെപ് അംഗത്വം അനുവദിക്കാവുന്നതാണ്. അല്ലാത്തവരുടെ അംഗത്വം റദ്ദാക്കേണ്ടതുമാണ്.

മേൽ പരാമർശിച്ച വിഷയങ്ങൾ സംബന്ധിച്ചുള്ള സംശയനിവാരണത്തിനായി 1800-425-1857 എന്ന ടോൾഫ്രീ നമ്പറിലോ *info.medisep@kerala.gov.in*, *financehealthinsurance@gmail.com* എന്ന ഇ-മെയിലുകളിലോ ബന്ധപ്പെടാവുന്നതാണ്.

***നിലവിലെ തിരുത്തലുകൾ, കൂട്ടിചേർക്കലുകൾ, പരാതികൾ ഇവ സമർപ്പിക്കുന്നതിനുള്ള അന്തിമ സമയപരിധി 10.01.2022 ആയും ആയത് പരിഹരിക്കുന്നതിനുള്ള അന്തിമ സമയപരിധി 15.01.2022 ആയും പുതുക്കി നിശ്ചയിച്ചിട്ടുള്ളതിനാൽ അതിനുശേഷമുള്ള തിരുത്തലുകൾക്കായി Login ലഭ്യമായിരിക്കുകയില്ല. NPS പെൻഷൻകാർക്കും ഈ സമയപരിധി ബാധകമായിരിക്കും.***

എല്ലാ നോഡൽ ഓഫീസർമാരും ഇതോടൊപ്പമുള്ള നിശ്ചിത പ്രഫോർമയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഡേറ്റ ഷീറ്റിൽ ***16.01.2022***-നോ അതിന് മുമ്പോ ധനകാര്യ(ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിന് financehealthinsurance@gmail.com എന്ന മെയിൽ ഐ.ഡി യിൽ ലഭ്യമാക്കേണ്ടതാണ്.

| വകുപ്പിന്റെ പേര്* | വകുപ്പിന് കീഴിലുള്ള ആകെ ഓഫീസുകളുടെ എണ്ണം | ആകെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജീവനക്കാരുടെ എണ്ണം | മെഡിസെപ് വെരിഫിക്കേഷൻ കഴിഞ്ഞ ജീവനക്കാരുടെ എണ്ണം | അന്യത്ര സേവനത്തിലുള്ള ജീവനക്കാരുടെ എണ്ണം | LWA യിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|
| | | | | | | |

* യൂണിവേഴ്സിറ്റികൾ,കോർപറേഷനുകൾ,മുൻസിപ്പാലിറ്റികൾ,പഞ്ചായത്തുകൾ എന്നിവയുടെ പരിധിയിൽ വരുന്ന പെൻഷൻകാരുടെ വിശദാംശങ്ങളും (ആകെ എണ്ണം, അംഗത്വം എടുത്തവരുടെ എണ്ണം, ഇനിയും അംഗത്വം എടുക്കാത്തവരുടെ എണ്ണം) മുകളിൽ പരാമർശിച്ചിരിക്കുന്ന നിശ്ചിത മാതൃകയിൽ **16.01.2022** ന് മുമ്പ് ധനകാര്യ(ഹെൽത്ത് ഇൻഷുറൻസ്) വകുപ്പിന് financehealthinsurance@gmail.com എന്ന മെയിൽ ഐ.ഡി യിൽ ലഭ്യമാക്കുവാൻ ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.

എ. ഷിബു

**അഡീഷണൽ സെക്രട്ടറി (ധനകാര്യം )**

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം

എല്ലാ വകുപ്പ് മേധാവികൾക്കും

അഡ്വക്കറ്റ് ജനറൽ, കേരള, എറണാകുളം

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, എല്ലാ സർവകലാശാലകൾക്കും

ബഹു. ഗവർണറുടെ സെക്രട്ടറി

ബഹു. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ

പ്രതിപക്ഷ നേതാവിന്റേയും ഗവൺമെന്റ് ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ

ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി/എക്സ്പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറിമാർ

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

പബ്ലിക് റിലേഷൻസ് വകുപ്പ്

നോഡൽ ഓഫീസർ , www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.HI-2/10/2021-FIN(ഇ 1845780)]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ